ക്ലബ്ബുകൾക്കും വായനശാലകൾക്കും നൽകിവരുന്ന സഹായങ്ങൾ

162(1419) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമവകുപ്പുവഴി ക്ലബ്ബുകൾക്കും വായനശാലകൾക്കും നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി മണ്ഡലത്തിലെ ഏതെങ്കിലും ക്ലബ്ബുകൾക്കോ, വായനശാലകൾക്കോ ഇത്തരത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) യുവജനക്ഷേമ വകുപ്പ് കേരള യുവജനക്ഷേമ ബോർഡ് മുഖാന്തരം ക്ലബ്ബുകൾക്കും വായനശാലകൾക്കും തൊഴിൽ പരിശീലനം ബോധവൽക്കരണം, കാർഷിക വികസന പദ്ധതികൾ, സാഹസിക പരിശീലനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനാവശ്യമായ ധനസഹായം നൽകിവരുന്നു.

(ബി) സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവയും യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളവയുമായ ക്ലബ്ബുകൾക്കും സന്നദ്ധ സംഘടനകൾക്കും വായനശാലകൾക്കും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ അർഹത പരിശോധിച്ച് ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ധനസഹായം നൽകുന്നു.

(സി) ഉണ്ട്. സ്വയംതൊഴിൽ പരിശീലനത്തിനായി ചാലക്കുടിയിലുള്ള ജീവൻ ഗ്രാമവികസന സൊസൈറ്റി എന്ന സംഘടനയ്ക്ക് 9000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും നിയമനം

163(1420) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് യുവജനക്ഷേമ ബോർഡിനു കീഴിൽ ജില്ലാതല യൂത്ത് കോ-ഓഡിനേറ്റർമാരും, പ്രോഗ്രാം ഓഫീസർമാരും ഉള്ളതെന്ന് ജില്ലയുടെ പേരും, ജില്ലാ കോ-ഓർഡിനേറ്റർമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും പേരും സഹിതം വെളിപ്പെടുത്തുമോ ;

(ബി) ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയും, ലഭിക്കുന്ന സേവനവേതനങ്ങളും എന്തെല്ലാമെന്ന് തരംതിരിച്ച് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly